പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 822 — 08.01.2014-ൽ മറുപടിക്ക്

# അന്യസംസ്ഥാന തൊഴിലാളികളുടെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. ദാസൻ : | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് സ്ത്രീകളും കുട്ടികളും ഉൾപ്പെടെ ധാരാളം അന്യസംസ്ഥാന തൊഴിലാളികൾ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാതെ തൊഴിലിടങ്ങളിൽ തൊഴിലിൽ ഏർപ്പെടുന്നതുവഴി ഉണ്ടായിട്ടുള്ള സാമൂഹികാരോഗ്യ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പ്രസ്തുത സ്ഥിതിവിശേഷം പരിഹരിക്കുന്നതിന് തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട നടപടി സ്വീകരിക്കുമോ : വിശദമാക്കാമോ ; | (ബി) ആരോഗ്യവകുപ്പ്, തൊഴിൽവകുപ്പുമായും തദ്ദേശ സ്വയംഭരണ വകുപ്പുമായും ചേർന്നും സ്വന്തം നിലയിലും അന്യസംസ്ഥാന തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ചു വരുന്ന കാര്യങ്ങൾ താഴെ കൊടുത്തിരിക്കുന്നു.<br>1. അന്യസംസ്ഥാന തൊഴിലാളികളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് ആരോഗ്യ വകുപ്പിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ സബ് സെന്റർ തലത്തിൽ കാലാകാലങ്ങളിൽ അപ്ഡേറ്റ് ചെയ്ത് സൂക്ഷിക്കുന്നു.<br>2. തൊഴിലാളികളുടെ താമസസ്ഥലത്തും ജോലി സ്ഥലത്തും ആരോഗ്യപ്രവർത്തകർ സന്ദർശനം നടത്തി അവരുടെ വ്യക്തിശുചിത്വം, പരിസര ശുചിത്വം, കുടിവെള്ള ശുചിത്വം, ഭക്ഷണ ശുചിത്വം തുടങ്ങിയവ നിരീക്ഷിച്ച് വേണ്ട നടപടികൾ സ്വീകരിക്കുന്നു.<br>3. രക്തപരിശോധന ക്യാമ്പുകൾ നടത്തി മലമ്പനി, മന്തുരോഗം തുടങ്ങിയവ ബാധിച്ചിട്ടുണ്ടോ എന്ന് മനസ്സിലാക്കി ആവശ്യമെങ്കിൽ ചികിത്സ സൗജന്യമായി നൽകുന്നു. ഈ വർഷം ഇപ്രകാരം തൊണ്ണൂറായിരത്തോളം പേരുടെ രക്ത പരിശോധന നടത്തിയതിൽ 4 പേർക്ക് മലമ്പനിയും, 270 പേർക്ക് മന്തുരോഗാണു ബാധയും കണ്ടെത്തി ചികിത്സ നൽകി. |

(....2)

4. വിവിധ ജില്ലകളിലായി 5470 സ്ഥലങ്ങളിൽ 20880 കുടുംബങ്ങളിലായി താമസിച്ച് വരുന്ന 170166 അന്യസംസ്ഥാന തൊഴിലാളികളുടെ അഞ്ചു വയസിൽ താഴെയുള്ള 8028 കുഞ്ഞുങ്ങൾക്ക് ദേശീയ പോളിയോ നിർമാർജന പരിപാടിയുടെ ഭാഗമായി പോളിയോ വാക്സിൻ നൽകാൻ നടപടിയെടുത്തു.
5. കൂടാതെ ദേശീയ പ്രാണിജന്യ രോഗനിയന്ത്രണ പരിപാടി, മാതൃ-ശിശു സംരക്ഷണ പരിപാടി, പകർച്ചവ്യാധി നിയന്ത്രണ പരിപാടി തുടങ്ങിയ ആരോഗ്യ പരിപാടികളുടെ ഭാഗമായി രോഗ നിയന്ത്രണം, ചികിത്സ, ബോധവൽക്കരണം തുടങ്ങിയവ അന്യസംസ്ഥാന തൊഴിലാളികൾക്കും നൽകി വരുന്നു.
6. ബോധവൽക്കരണത്തിന്റെ ഭാഗമായി വിവിധ ഭാഷകളിൽ ലഘുലേഖകൾ തയ്യാറാക്കി നൽകുന്നു.
7. ഹെൽത്ത് കാർഡ് നൽകുന്നു.

സെക്ഷൻ ഓഫീസർ